<u>**ഭരണഭാഷ-മാതൃഭാഷ**</u>

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി. & എ.സി/35171/2016** **തീയതി : 16.02.2018**

## <u>സർക്കുലർ</u>

**വിഷയം:** സി.ജി & **എ.സി** - ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ PEECS Help Desk സ്ഥാപിക്കുന്നത്- മാർഗനിർദേശം നൽകുന്നത് -സംബന്ധിച്ച് .

വിദ്യാർത്ഥികൾക്ക് KEAM, NEET എന്നീ പ്രവേശന പരീക്ഷകളുടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സാഹചര്യം അതത് സ്കൂളുകളിൽത്തന്നെ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലും 2017 -2018 അധ്യായന വർഷം സ്ഥാപിക്കുന്ന PEECS Help Desk ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ഫെബ്രുവരി 8-ാം തീയ്യതി നടത്തിയ പ്രത്യേക പരിശീലന ക്യാമ്പിൽ പങ്കെടുത്ത കരിയർ ഗൈഡുമാർ/പരിശീലനം ലഭിച്ച മറ്റ് അധ്യാപകരുടെ നേതൃത്വത്തിലായിരിക്കണം ഹെൽപ്പ് ഡെസ്ക്കുകൾ സംഘടിപ്പിക്കേണ്ടത്. എല്ലാ ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി വിദ്യാലയങ്ങളിലും 28/02/2018 വരെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10 മണി മുതൽ 4 മണി വരെ PEECS Help Desk കൾ പ്രവർത്തിക്കേണ്ടതാണ്.
2. PEECS Help Desk ന്റെ പ്രവർത്തനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയുള്ള കംപ്യൂട്ടർ സംവിധാനം സ്കൂൾ കമ്പ്യൂട്ടർ ലാബുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുക്കേണ്ടതാണ്. കമ്പ്യൂട്ടർ ലാബ് ഇല്ലാത്ത ഇടങ്ങളിൽ സ്കൂളുകളിൽ നിലവിൽ ലഭ്യമായ കമ്പ്യൂട്ടർ/ ഇന്റർനെറ്റ് സൗകര്യം ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.
3. KEAM / NEET പരീക്ഷകൾ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഒരു ബോധവൽക്കരണ ക്ലാസ് നൽകേണ്ടതാണ്. പരിശീലനം ലഭിച്ച കരിയർ ഗൈഡോ, പരിശീലനം ലഭിച്ച മറ്റ് അധ്യാപകരോ ബോധവൽക്കരണ ക്ലാസ് നൽകേണ്ടതാണ്.

4. മുഴുവൻ  കുട്ടികൾക്കും സൗകര്യപ്രദമായ രീതിയിൽ അപേക്ഷ  സമർപ്പിക്കാനാവശ്യമായ  സാഹചര്യം ഒരുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
5. സ്ക്കൂളിലെ സൗകര്യം എത്ര വിദ്യാർത്ഥികൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന വിവരം സ്ക്കൂളിൽ സൂക്ഷിക്കേണ്ടതാണ്.
6. എൻട്രൻസ് പരീക്ഷകളുടെ റിസൾട്ട് പ്രഖ്യാപിച്ചതിനുശേഷം എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനപരീക്ഷയിലൂടെ അഡ്മിഷൻ തരപ്പെട്ടിട്ടുണ്ടെന്ന വിശദവിവരം സ്ക്കൂളിലെ കരിയർ ഗൈഡുമാർ/പരിശീലനം ലഭിച്ച മറ്റ് അധ്യാപകർ വിവരം ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്.

ഒപ്പ്

***ഡയറക്ടർ***

To

1 Regional Deputy Directors
2 All Principals